# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6617 12.07.2012 ൽ മറുപടിയ്ക്ക്

ഇന്ധന ഉപയോഗം പരിമിതപ്പെടുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ.എൻ.എ. ഖാദർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) വാഹന ഇന്ധന വിലവർദ്ധനയും ഇന്ധന ഉറവിടങ്ങൾ ശോഷിച്ചുവരുന്ന സാഹചര്യവും കണക്കിലെടുത്ത് സംസ്ഥാനത്ത് ഉപയോഗത്തിലുള്ള വാഹനങ്ങളുടെ ഇന്ധന ഉപയോഗം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ; | (എ) | ഇന്ധന ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ഗതാഗത വകുപ്പിന്റെ പരിഗണനയിലില്ല. |
| (ബി) വാഹനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുക, ഇന്ധന ഉപയോഗത്തിൽ നിയന്ത്രണമേർപ്പെടുത്തുക, വേസ്റ്റേജ് ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി വിദേശനാണയനഷ്ടം കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം മെച്ചപ്പെടുത്തി വ്യക്തിഗത വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (JNNURM) പദ്ധതിയിൽപ്പെടുത്തി മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടി ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മാസ് റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം (മോണോ റെയിൽ, മെട്രോ റെയിൽ) എന്നിവ വിവിധ നഗരങ്ങളിൽ നടപ്പിലാക്കുക വഴി വ്യക്തിഗത വാഹനങ്ങളുടെ ഉപയോഗം പരോക്ഷമായി നിയന്ത്രിക്കുവാനും അങ്ങനെ ഇന്ധന ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും കഴിയുമെന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ